<u>ഭരണഭാഷ-മാതൃഭാഷ</u>

## കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ


**പിൻ കോഡ്- 691001**

GSTIN:32AAALK1455B1ZR

**ഫോൺ നമ്പർ : 0474-2746193**

**https://kollamcorporation.gov.in, secretarykollam@gmail.com**


നമ്പർ: 1972022-2024 തീയതി : 14-10-2024

### ലേലം/ക്വട്ടേഷൻ നോട്ടീസ്

കൊല്ലം മുനിസിപ്പൽ കോർപറേഷൻ പരിധിയിൽ പ്പെട്ട തങ്കശ്ശേരി മാർക്കറ്റിലെ പഴക്കം ചെന്ന കടമുറികൾ, പ്രസ്തുത സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലെക്സ് നിർമ്മിക്കുന്നതിന്റെ ഭാഗമായി, നിലവിലെ അവസ്ഥയിൽ പൊളിച്ച് മാറ്റി ഏറ്റെടുക്കുന്നതിന് താത്പര്യമുള്ളവരിൽ നിന്നും ലേലം/ക്വട്ടേഷൻ ക്ഷണിച്ച് കൊള്ളുന്നു.

ലേല തീയതി 23/10/2024 11;30 a.m

ഇ.എം.ഡി യും ക്വട്ടേഷനും സ്വീകരിക്കുന്നത് : 23/10/2024 4.00 p.m

മുഖ വില :**106287/-**( സർവ്വേ വാല്യൂ ;437392/-

കെട്ടിടം പൊളിക്കുന്നതിന്;331105/-)

ഇ.എം.ഡി :5300/-

സ്ഥലം : കോർപറേഷൻ മെയിൻ ഓഫീസ്

**ലേല നിബന്ധനകൾ**

1) നഗരസഭയുടെ നിലവിലെ നിബന്ധനകളും ചട്ടങ്ങളും ഈ ലേലത്തിന് ബാധകമായിരിക്കുന്നതാണ്.

2 ) ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പായി ലേല വസ്തുക്കൾ റവന്യൂ ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ നേരിൽ കണ്ട് പരിശോധിച് ബോധ്യപ്പെടേണ്ടതാണ്.

3) ലേലം കൊണ്ടതിനു ശേഷം ആയതിന്മേൽ യാതൊരുവിധ ആക്ഷേപങ്ങളും ഉന്നയിക്കാൻ സാധിക്കുന്നതല്ല.

4) ലേല വസ്തുക്കൾ പൊളിച്ചുമാറ്റുന്നതും നീക്കം ചെയ്യുന്നതും നഗരസഭാ അസി എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പൊതുജനങ്ങൾക്ക് യാതൊരുവിധ അപകടവും ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധത്തിൽ സ്വന്തം ഉത്തരവാദിത്വത്തിൽ ആയിരിക്കേണ്ടതാണ്.

5) ലേല വസ്തുക്കൾ തരം തിരിക്കുന്നതും കൊണ്ടുപോകുന്നതും കരാറുകാരന്റെ സ്വന്തം ചിലവിലും ഉത്തരവാദിത്തത്തിലുംആയിരിക്കേണ്ടതാണ് . സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചിരിക്കേണ്ടതാണ്

6) ലേല വസ്തുക്കൾ കയറ്റ് / ഇറക്ക് സംബന്ധിച്ച എല്ലാ ഏർപ്പാടുകളും കരാറുകാരൻ വഹിക്കേണ്ടതാണ് . കരാറുകാരനും തൊഴിലാളികളും തമ്മിലുണ്ടാകുന്ന യാതൊരുവിധ തർക്കത്തിനും നഗരസഭ ഉത്തരവാദി ആയിരിക്കുന്നതല്ല.

7) നഗരസഭാ സെക്രട്ടറിയുടെ അനുമതി ലഭിച്ചതിനു ശേഷം മാത്രമേ ലേല വസ്തുക്കൾ നീക്കം ചെയ്യാൻ പാടുള്ളൂ.

8) ലേലം സ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം നഗരസഭാ കൗൺസിലിൽ നിഷിപ്തമാണ് .

9 ) ലേലം അംഗീകരിക്കുന്നതിനോ നിരസിക്കുന്നതിനോ നിർത്തിവെക്കുന്നതിനോ ഉള്ള പൂർണ അധികാരം കൗൺസിലിൽ നിഷിപ്തമാണ്.

10) ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി അറിയിപ്പ്ലഭിച്ചു 7 ദിവസത്തിനകം ലേല തുകയും അനുബന്ധ നികുതിയും (ജി.എസ്.റ്റി 18 %) നഗരസഭയിൽ പൂർണ്ണമായി ഒടുക്കുവരുത്തേണ്ടതും, വസ്തുക്കൾ 3 ദിവസത്തിനകം നീക്കം ചെയ്യേണ്ടതാണ്.

(ഒപ്പ്)
കോർപറേഷൻസെക്രട്ടറി